REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 06-02-2026 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ത്യ - അമേരിക്ക യൂറോപ്യൻ വ്യാപാര കരാറുകളുടെ ഏറ്റവും വലിയ ഗുണഭോക്താക്കൾ യുവാക്കളാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **കേന്ദ്ര വന്യജീവി സംരക്ഷണ ഭേദഗതി ബിൽ, ഗവർണർ രാഷ്ട്രപതിയുടെ അംഗീകാരത്തിന് അയച്ചു.**
- **അടുത്ത അധ്യയന വർഷത്തേയ്ക്ക് 68 ലക്ഷം പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായതായി മന്ത്രി V ശിവൻകുട്ടി.**
- **പ്രതിപക്ഷ നേതാവ് VD സതീശൻ നയിക്കുന്ന പുതുയുഗ യാത്ര ഇന്ന് കാസർകോട്ട് നിന്ന് ആരംഭിക്കും.**
- **അണ്ടർ 19 ഇന്ത്യ - ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് ലോകകപ്പ് ഫൈനൽ നാളെ.**

## വാർത്തകൾ വിശദമായി

യൂറോപ്യൻ യൂണിയനുമായും അമേരിക്കയുമായും ഇന്ത്യ ഉണ്ടാക്കിയ വ്യാപാര കരാറുകളുടെ ഏറ്റവും വലിയ ഗുണഭോക്താക്കൾ രാജ്യത്തെ യുവാക്കളായിരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. രാജ്യസഭയിൽ രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേൽ നന്ദി പ്രമേയ ചർച്ചക്ക് മറുപടി നൽകുകയായിരുന്നു പ്രധാനമന്ത്രി.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

വ്യാപാര കരാർ ആഗോള സ്ഥിരതയിലേക്ക് നീങ്ങുന്നുണ്ടെന്ന ആത്മവിശ്വാസം ലോകത്തിന് നൽകിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഇന്ത്യയിലെ യുവാക്കൾക്ക് അവസരങ്ങൾ നൽകുന്ന പ്രധാന രാജ്യങ്ങളുമായി ഭാവിയിൽ ഉപകാരപ്രദമായ വ്യാപാര കരാറുകളിൽ ഏർപ്പെടുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. 27 രാജ്യങ്ങൾ അംഗങ്ങളായ യൂറോപ്യൻ യൂണിയനുമായി ഒമ്പത് സുപ്രധാന വ്യാപാര കരാറുകൾ ഒപ്പുവച്ചതായും അദ്ദേഹം അറിയിച്ചു.

കോവിഡിന് ശേഷം ലോകത്ത്, ആഗോള അസ്ഥിരത വളർന്നതനുസരിച്ച്, ഒരു പുതിയ ലോകക്രമം ഉയർന്നുവന്നിട്ടുണ്ടെന്നും, ലോകരാജ്യങ്ങൾ ഇന്ത്യയോട് ആഭിമുഖ്യം കാണിക്കുന്നുണ്ടെന്നും മോദി നിരീക്ഷിച്ചു. ഇന്ത്യ നിരവധി രാജ്യങ്ങളുടെ വിശ്വസ്ത പങ്കാളിയും സുഹൃത്തുമായി മാറിയെന്നും, ആഗോള ക്ഷേമത്തിന് ഇവ സഹകരിച്ച് പ്രവർത്തിക്കുന്നുണ്ടെന്നും പറഞ്ഞ പ്രധാനമന്ത്രി, അന്താരാഷ്ട്ര വേദികളിൽ ഗ്ലോബൽ സൗത്തിന്റെ ശക്തമായ ശബ്ദമായി രാജ്യം മാറിയെന്നും പറഞ്ഞു.

പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്ത രാഷ്ട്രപതി ദ്രൗപതി മുർമു വികസിത് ഭാരതത്തിലേക്ക് ഇന്ത്യയുടെ അതിവേഗ യാത്ര വിവരിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി പരീക്ഷാ പേ ചർച്ചയുടെ ഒൻപതാം പതിപ്പിൽ രാവിലെ പത്തിന് രാജ്യത്തെ വിദ്യാർത്ഥികളുമായി സംവദിക്കും. പരീക്ഷാ സമ്മർദ്ദം ഒഴിവാക്കാനും, പഠനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനും സഹായിക്കുന്നതാണ് പരീക്ഷാ പേ ചർച്ച. MY Gov പോർട്ടൽ വഴി നാലര കോടിയിലധികം വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവർ ചർച്ചയുടെ ഭാഗമാകും. പ്രധാനമന്ത്രിയുടെ യു ട്യൂബ് ചാനൽ, ദൂരദർശൻ, വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ സാമൂഹിക മാധ്യമ പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ പരീക്ഷാ പേ ചർച്ച സംപ്രേഷണം ചെയ്യും. പരീക്ഷാക്കാലം ഉത്സവമായി ആഘോഷിക്കുക എന്നതാണ് ചർച്ചയുടെ ലക്ഷ്യം.

✪✪✪

മേഘാലയയിലെ ഈസ്റ്റ് ജയന്തിയ ജില്ലയിലെ കൽക്കരി ഖനി സ്ഫോടനത്തിൽ 18 പേർ മരിച്ചു. നിരവധി പേർ ഇപ്പോഴും ഖനിക്കുള്ളിൽ കുടുങ്ങിക്കിടക്കുന്നുണ്ടെന്നാണ് റിപ്പോർട്ട്. സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും, ആഭ്യന്തര മന്ത്രി അമിത്ഷായും അനുശോചിച്ചു.

മരിച്ചവരുടെ ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് അമ്പതിനായിരം രൂപയും ധനസഹായം നൽകുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു. ദേശീയ ദുരന്ത നിവാരണ സേനയുടെ രണ്ട് ടീമുകൾ സംഭവ സ്ഥലത്തേക്ക് തിരിച്ചിട്ടുണ്ടെന്നും ഒരു സംഘം നേരത്തെ എത്തിയിട്ടുണ്ടെന്നും ആഭ്യന്തര മന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

മേഘാലയ മുഖ്യമന്ത്രി കോൺറാഡ് സാങ്മയുമായി അമിത്ഷാ സംസാരിക്കുകയും എല്ലാ പിന്തുണയും ഉറപ്പ് നൽകുകയും ചെയ്തു. സംഭവത്തിൽ മേഘാലയ ഗവൺമെന്റ് അന്വേഷണം പ്രഖ്യാപിച്ചു.

✪✪✪

കേന്ദ്ര വന്യജീവി സംരക്ഷണ ഭേദഗതി ബിൽ, ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചു. വന്യജീവി ആക്രമണം ഫലപ്രദമായി നേരിടുന്നതിന് നിലവിലെ വ്യവസ്ഥകൾ പര്യാപ്തമല്ലാത്തതിനാൽ കേന്ദ്ര നിയമം ഭേദഗതി ചെയ്യാൻ ഗവൺമെന്റ് തീരുമാനിക്കുകയായിരുന്നു.

ജനവാസ മേഖലയിൽ ഇറങ്ങി മനുഷ്യ ജീവനും സ്വത്തിനും നാശം വരുത്തുന്ന വന്യജീവികളെ ആവശ്യമെങ്കിൽ ഉടൻ കൊല്ലുന്നതിനോ മയക്കു വെടി വയ്ക്കുന്നതിനോ അനുവദിക്കുന്ന വ്യവസ്ഥ ബില്ലിൽ ഉണ്ട്.

ബില്ലിന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കും എന്ന് പ്രതീക്ഷിക്കുന്നതായി മന്ത്രി AK ശശീന്ദ്രൻ പറഞ്ഞു. ഗവർണറുടെ നടപടി സ്വാഗതർഹമാണെന്നും മന്ത്രി അറിയിച്ചു.

✪✪✪

അടുത്ത അധ്യയന വർഷത്തേയ്ക്ക് 68 ലക്ഷം പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായതായി മന്ത്രി V ശിവൻകുട്ടി അറിയിച്ചു. 51 ലക്ഷം പാഠപുസ്തകങ്ങൾ വിതരണത്തിന് എത്തിച്ചിട്ടുണ്ടെന്നും ദിനംപ്രതി മൂന്ന് ലക്ഷം പാഠപുസ്തകങ്ങളുടെ അച്ചടി പുരോഗമിക്കുന്നതായും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു

2026-27 അധ്യയന വർഷത്തെ പാഠ പുസ്തകങ്ങളുടെയും യൂണിഫോമുകളുടെയും സംസ്ഥാനതല വിതരണം ഈ മാസം 13-ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം പട്ടം സെന്റ് മേരീസ് സ്കൂളിൽ ഉദ്ഘാടനം ചെയ്യുമെന്നും മന്ത്രി അറിയിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും കൈത്തറി വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ

യുണിഫോം പദ്ധതി രണ്ട് ഘട്ടങ്ങളായി നടപ്പാക്കുമെന്നും ശിവൻകുട്ടി വ്യക്തമാക്കി .

✪✪✪

മുഖ്യമന്ത്രിയുടെ 2024 ലെ എക്സൈസ് മെഡൽ വിതരണവും പാസിംഗ് ഔട്ട് പരേഡും ഇന്ന് തൃശ്ശൂർ എക്സൈസ് അക്കാദമി ഗ്രൗണ്ടിൽ സംഘടിപ്പിക്കും. മന്ത്രി MB രാജേഷ് ചടങ്ങിൽ സേനാംഗങ്ങളുടെ സല്യൂട്ട് സ്വീകരിക്കും. 16 എക്സൈസ് ഇൻസ്പെക്ടർമാരും, 71 സിവിൽ എക്സൈസ് ഓഫീസർമാരും, 47 വനിതാ സിവിൽ എക്സൈസ് ഓഫീസർമാർമാരും പാസിംഗ് ഔട്ട് പരേഡിൽ പങ്കെടുക്കും.

✪✪✪

ഹോളി ഉത്സവ സീസണിൽ രാജ്യത്ത് 1,500 ഓളം പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുമെന്ന് റെയിൽവെ മന്ത്രാലയം അറിയിച്ചു. യാത്രക്കാർക്ക് സുഗമവും, തടസ്സരഹിതവുമായ യാത്ര ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രാലയം വ്യക്തമാക്കി. പ്രധാന സ്ഥലങ്ങൾ തമ്മിലെ കണക്ടിവിറ്റി മെച്ചപ്പെടുത്തുന്നതിന് അടുത്ത മാസമാണ് ട്രെയിൻ സർവീസുകൾ ഏർപ്പെടുത്തുക.

✪✪✪

തിരുവനന്തപുരം ജില്ലയിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി ഹിയറിങ് നടപടികൾ നൂറു ശതമാനത്തിലേക്ക് കടക്കുകയാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി.

.....................(വോയ്സ്).............

✪✪✪

UDF ന്റെ നേതൃത്വത്തിൽ പ്രതിപക്ഷ നേതാവ് VD സതീശൻ നയിക്കുന്ന പുതുയുഗ യാത്ര ഇന്ന് കാസർകോട്ട് നിന്ന് ആരംഭിക്കും. പത്തു വർഷത്തെ LDF ഭരണത്തിന് ബദലായി പുതിയ കേരളം എന്ന മുദ്രാവാക്യമുയർത്തിയാണ് യാത്ര. എല്ലാ ജില്ലകളിലും പര്യടനം പൂർത്തിയാക്കി മാർച്ച് ഏഴിന് തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്താണ് സമാപനം.

ജാഥയ്ക്ക് നാളെ ഉച്ചയ്ക്ക് കണ്ണൂർ ജില്ലാ അതിർത്തിയായ ഒളവറയിൽ സ്വീകരണം നൽകുമെന്ന് UDF ജില്ലാ കൺവീനർ P.T മാത്യു കണ്ണൂരിൽ

അറിയിച്ചു. തുടർന്ന് പയ്യന്നൂർ, തളിപ്പറമ്പ്, കണ്ണൂർ എന്നിവിടങ്ങളിൽ സ്വീകരണം നൽകും.

✪✪✪

വികസന കാര്യത്തിൽ കേരളം ലോകഭൂപടത്തിൽ അടയാളപ്പെടുത്തിയ നാടായി മാറുകയാണെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. കേരളമാതൃക താരതമ്യം ചെയ്യുന്നത് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായല്ലെന്നും അമേരിക്കയടക്കം വികസിത രാഷ്ട്രങ്ങളുമായാണെന്നും അദ്ദേഹം പറഞ്ഞു. കണ്ണൂർ പാനൂരിൽ LDF ഉത്തരമേഖലാ വികസനമുന്നേറ്റജാഥയുടെ ജില്ലാതല സമാപനയോഗത്തിൽ സംസാരിക്കുകയായിരുന്നു എം. വി. ഗോവിന്ദൻ.

✪✪✪

ആരോഗ്യ വകുപ്പിന് കീഴിൽ കോഴിക്കോട് ചേവായൂരിൽ നിർമിക്കുന്ന അവയവമാറ്റ ആശുപത്രിക്ക് നാളെ രാവിലെ പതിനൊന്നരയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിടുമെന്ന് ജില്ലാ കലക്ടർ സ്നേഹിൽകുമാർ സിങ് അറിയിച്ചു. ചടങ്ങിൽ മന്ത്രി വീണ ജോർജ് അധ്യക്ഷയാകും. ചേവായൂരിലെ ത്വക്ക് രോഗ ആശുപത്രി വളപ്പിലെ 20 ഏക്കർ സ്ഥലത്താണ് ആശുപത്രി നിർമ്മിക്കുന്നത്.

കിഫ്ബി ഫണ്ട് ഉപയോഗിച്ച് രണ്ടു ഘട്ടങ്ങളിലായി നിർമിക്കുന്ന ആശുപത്രിയുടെ ആദ്യഘട്ട പ്രവൃത്തികൾക്ക് 299 കോടി രൂപയാണ് ചെലവ് കണക്കാക്കുന്നത്. ഇതിന് പുറമെ ഉപകരണങ്ങൾക്കായി 99 കോടി രൂപയും നീക്കിവെച്ചിട്ടുണ്ട്. എട്ട് നിലകളിലായാണ് നിർമാണം. ട്രാൻസ്പ്ലാന്റേഷൻ മേഖലയിലെ ഡോക്ടർമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും പരിശീലന -ഗവേഷണ കേന്ദ്രമായി ആശുപത്രി പ്രവർത്തിക്കും.

✪✪✪

കണ്ണൂർ പാപ്പിനിശ്ശേരി -പിലാത്തറ KSTP റോഡിലെ പാപ്പിനിശ്ശേരി റെയിൽവെ മേൽപാലം അറ്റകുറ്റപ്പണികൾക്കായി അടച്ചിട്ടു. പഴയങ്ങാടി മേൽപാലം നാളെ മുതൽ അടച്ചിടും.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

......(വോയ്സ്)..............

✪✪✪

കോഴിക്കോട് കക്കാടം പൊയിലിലെ റിസോർട്ടുകളും, വിനോദസഞ്ചാര കേന്ദ്രങ്ങളും പൊതുജനങ്ങളുടെ സ്വൈര്യജീവിതത്തിന് തടസമാകുന്ന തരത്തിൽ നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് പ്രവർത്തിച്ചാൽ നിയമ നടപടി സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് പറഞ്ഞു. DJ പാർട്ടികളും സമാനമായ ആഘോഷങ്ങളും ശബ്ദമലിനീകരണം ഉണ്ടാകാത്ത വിധത്തിൽ ഓഡിറ്റോറിയങ്ങൾക്കുള്ളിൽ മാത്രം പരിമിതപ്പെടുത്തണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. കക്കാടംപൊയിൽ സെന്റ് മേരീസ് ഹൈസ്കൂളിലെ വിദ്യാർത്ഥികൾ നൽകിയ പരാതിയിലാണ് നടപടി.

രാത്രികാലങ്ങളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ പരിപാടി അവസാനിപ്പിക്കണമെന്നും നിലമ്പൂർ പൊലീസ് S.H.O യ്ക്കും ചാലിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും കെ.ബൈജുനാഥ് നിർദ്ദേശം നൽകി.

✪✪✪

കാസർകോട് നടക്കാവിൽ അത്യാധുനിക ഇൻഡോർ സ്റ്റേഡിയ സമുച്ചയം മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. 29 കോടി 46 ലക്ഷം രൂപ ചെലവഴിച്ചാണ് സമുച്ചയം നിർമ്മിച്ചത്.

കാസർകോട്ട് നിന്ന് P. ജഗന്നിവാസൻ.

......(വോയ്സ്)............

✪✪✪

അണ്ടർ 19 ഏകദിന ക്രിക്കറ്റ് ലോകകപ്പ് ഫൈനലിൽ ഇന്ത്യ നാളെ ഇംഗ്ലണ്ടിനെ നേരിടും. സിംബാബ്‌വെയിലെ ഹരാരെയിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് ഒന്നിനാണ് മത്സരം.

രണ്ടാം സെമിഫൈനലിൽ അഫ്ഗാനിസ്ഥാനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ ഫൈനലിലെത്തിയത്.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്,*
*NRTs: നിമിഷ ജി, ഫസ്ന ഫാത്തിമ,*
*DEO: ഷീബ*